# UDAYADEEPA



VOL. XVIII ISSUE - 9
SEPTEMBER 2026

# Junior Priests' Gathering
# 12 & 13 August 2026






## Pastoral Visit, Belthangady
**09.08.2026**

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

**Vol. XVIII  Issue-09  September - 2026  Page- 48**

**Annual Subscription: Rs. 140-00  Single Copy: Rs. 12-00**

**Edited, Printed and Published, by Fr. Joseph Valiaparambil**
**Bishop's House, Udayanagar, P.B. No.13**
**Belthangady - 574 214, D.K., Karnataka, India.**
**Printed at Shree Raghavendra Printers, Ujire-574 240**

**Website : www.belthangadydiocese.com**
**Email : udayadeepabel@gmail.com**
**Tel.: 08256-232439**

# CONTENTS


| | | |
|---|---|---|
| 01. | Circular No-10 | 05 |
| 02. | Notifications from the Chancellery | 08 |
| 03. | Catechism Department News | 10 |
| 04. | Bible Apostolate News | 18 |
| 05. | Family Apostolate News | 19 |
| 06. | Social Service Department | 23 |
| 07. | Report: Kaikars' Trainig | 27 |
| 08. | Youth Apostolate News | 33 |
| 09. | Photo Gallery | 40 |
| 10. | Bishop's Diary : Bp. Lawrence Mukkuzhy | 43 |
| 11. | Bishop's Diary : Bp. James Patteril CMF | 44 |
| 12. | Bishop's Engagements : Bp. James Patteril CMF | 47 |




**Circular**
**മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
**No. 10/ 2026**

## ജപമാല മാസം

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഒക്ടോബർ മാസം ജപമാല രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രത്യേക ഭക്തിയുടെ മാസമായി നാ ആചരിക്കുന്നു. ഒക്ടോബർ 7-ാം തിയതി ജപമാല രാജ്ഞിയുടെ തിരുനാളാണ്. ഈ വിശുദ്ധ മാസത്തിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടിക്കൊണ്ട് കൂടുതൽ ആത്മാർത്ഥതയോടും വിശ്വാസത്തോടും കൂടി ജപമാല പ്രാർത്ഥനയിൽ പങ്കുചേരാൻ നമുക്ക് ശ്രമിക്കാം.

ഈശോയുടെ ജീവിതത്തിലെ രക്ഷാകരമായ സംഭവങ്ങളെ പരിശുദ്ധ അമ്മയോടൊപ്പം ധ്യാനിക്കുന്ന മനോഹരമായ പ്രാർത്ഥനാ മാർഗമാണ്. സുവിശേഷത്തിലെ പ്രധാന സംഭവങ്ങളിലൂടെ ഈശോയുടെ ജനനം, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവ നാം ധ്യാനിക്കുന്നു. അതുവഴി ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധം കൂടുതൽ ആഴപ്പെടുന്നു. ഈശോയുടെ ജീവിതത്തെ മുഴുവനും ധ്യാനിച്ചുകൊണ്ടും ഈശോ പഠിപ്പിച്ച പ്രാർത്ഥന ചൊല്ലിക്കൊണ്ടും ത്രിത്വ സ്തുതികൾ അർപ്പിച്ചുകൊണ്ടും മാതാവിന്റെ മാധ്യസ്ഥം തേടുന്ന സുന്ദരമായ പ്രാർത്ഥനാ മഞ്ചരിയാണ് ജപമാല! ജപമാല എല്ലാവരും ഭക്തിയോടെ ചൊല്ലണമെന്ന് അഭ്യർത്ഥിക്കുന്നു. ജപമാല കൈകളിലേന്തി പരിശുദ്ധ അമ്മയോടുള്ള ഭക്തിയും സ്നേഹവും പ്രകടിപ്പിക്കുവാനും കൂടുതൽ വിശ്വാസത്തോടെ മിശിഹ രഹസ്യങ്ങളെ ധ്യാനിക്കുവാനും ജപമാല മാസാചരണം നമ്മെ സഹായിക്കട്ടെ.

ജപമാല പ്രാർത്ഥിക്കുമ്പോൾ നാം പരിശുദ്ധ അമ്മയുടെ കൈ പിടിച്ചുകൊണ്ട് ഈശോയിലേയ്ക്ക് അടുത്തുചെല്ലുകയാണ്. അതുകൊണ്ട് തന്നെ ജപമാല നമ്മെ ക്രിസ്തുകേന്ദ്രിതമായ ജീവിത ത്തിലേക്കും വിശ്വാസത്തിന്റെ ആഴത്തിലേക്കും നയിക്കുന്ന പ്രാർത്ഥനയാണ്. ജപമാലയിലിൽ ഭക്തിയോടെ ക്രിസ്തുവിന്റെ രഹസ്യങ്ങൾ ധ്യാനിക്കുമ്പോൾ മറിയത്തിന്റെ കണ്ണുകളിലൂടെ മിശിഹായെ കാണാൻ കഴിയുമെന്ന് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ നമ്മെ പഠിപ്പിക്കുന്നു. 1214 ൽ വി. ഡോമിനിക്കിന് പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട് ജപമാല നല്കിയെന്നാണ് പരമ്പരാഗത

വിശ്വാസം. 1571 ൽ തുർക്കികൾ യുറോപ്പിനെ ആക്രമിച്ചപ്പോൾ ജപമാലയെന്ന ആയുധമാണ് ക്രൈസ്തവർക്കുണ്ടായിരുന്നത്. ലെപ്പാന്റോ യുദ്ധത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യത്താൽ ശത്രു സൈന്യത്തെ പരാജയപ്പെടുത്തിയതിന്റെ ഓർമ്മക്കായിട്ടാണ് പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ ഒക്ടോബർ മാസത്തിൽ ആഘോഷിക്കാൻ തുടങ്ങിയത്. വി. അംബ്രോസ് പറയുന്നു, ദൈവം ഭൂമിയിലേക്ക് ഇറങ്ങിവന്ന ഗോവണി മറിയമാണ്. മനുഷ്യന് സ്വർഗ്ഗത്തിലേയ്ക്ക് കയറാനുള്ള ഗോവണിയാണ് പരിശുദ്ധ മറിയം. നാം ജപമാല ചൊല്ലുമ്പോൾ നിത്യജീവനിലേയ്ക്കുള്ള ഗോവണിപ്പടികളിലാണ് പാദങ്ങൾ ഊന്നുന്നത്.

ജപമാലയ്ക്ക് കുടുംബജീവിതത്തിലും വലിയ സ്ഥാനമുണ്ട്. ഒരുമിച്ച് ജപമാല ചൊല്ലുന്ന കുടുംബം ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബമാണ്. ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബത്തിൽ സ്നേഹവും, ഐക്യവും, സമാധാനവും വളരുന്നു. ദിവസവും ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കുടുംബത്തിൻ പരിശുദ്ധ അമ്മ സംരക്ഷണം നൽകുന്നു. കുടുംബങ്ങൾ ഇന്ന് നേരിടുന്ന പല പ്രതിസന്ധികളേയും നന്മ നിറഞ്ഞ മരിയമെ എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് നേരിടാൻ സാധിക്കും. ആധുനിക ലോകത്ത് നമ്മുടെ കുടുംബത്തിലേയ്ക്കും, വ്യക്തിജീവിതത്തിലേയ്ക്കും, നമ്മുടെ മക്കളുടെ ജീവിതത്തിലേയ്ക്കും കടന്ന് വരുവാൻ സാധ്യതയുള്ള തിന്മകളെ ഈ ജപമാല പ്രാർത്ഥനയിലുടെ അതിജീവിക്കാൻ നമ്മുക്ക് സാധിക്കും.

ഒക്ടോബർ മാസത്തിൽ നമ്മുടെ എല്ലാ പള്ളികളിലും തുടർച്ചയായി 10 ദിവസം വിശുദ്ധ കുർബാനയുടെ മുമ്പിൽ ജപമാല ചൊല്ലുന്ന നല്ല പതിവ് നമുക്കുണ്ട്. അത് ഈ വർഷവും കൂടുതൽ ഭക്തിയോടെ നടത്തണമെന്നും, ഇതിൽ എല്ലാവരും പങ്കെടുക്കണമെന്നും സ്നേഹത്തോടെ ഓർമ്മപ്പെടുത്തട്ടെ. ആവശ്യമുള്ളിടത്ത് രാവിലെയും വൈകുന്നേരവും ഇത് നടത്താവുന്നതാണ്. കുട്ടികളേയും യുവജനങ്ങളേയും ഇതിൽ പ്രത്യേകം പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

ഇന്ന് നമ്മുടെ സമൂഹത്തേയും സഭയേയും ലോകത്തേയും നിരവധി പ്രതിസന്ധികളും യുദ്ധങ്ങളും അശാന്തികളും വേദനകളും അലട്ടുന്നുണ്ട്. ഈ സാഹചര്യത്തിൽ ലോകസമാധാനത്തിനും കുടുംബങ്ങളുടെ ഐക്യത്തിനും യുവജനങ്ങളുടെ വിശ്വാസ സംരക്ഷണ

ത്തിനും രോഗികളുടെയും ദുരിതമനുഭവിക്കുന്നവരുടെയും ആശ്വാസ ത്തിനും സഭയുടെ വിശുദ്ധികരണത്തിനുമായി ജപമാല പ്രാർത്ഥന ന മുക്ക് സമർപ്പിക്കാം.

നിങ്ങൾ മറിയത്തെ നന്മ നിറഞ്ഞവൾ എന്ന് വിളിക്കുമ്പോൾ അനുഗ്രഹങ്ങൾ വാരി വിതറി അവൾ മറുപടി നൽകും. എന്ന വിശുദ്ധ ബർണ്ണദിന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് വാത്സല്യപൂർവം ന മ്മെ സംരക്ഷിക്കുന്ന നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയ ത്തിന്റെ വിമലഹൃദയത്തിന്റെയും നമ്മുടെ രൂപതയുടെ മധ്യസ്ഥനായ വി. തോമാശ്ലീഹയുടെയും സംരക്ഷണയ്ക്ക് നിങ്ങളെ എല്ലാവരെയും സമർപ്പിച്ചുകൊണ്ടും † പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാ ത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
30.08.2026

**† മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 27.09.2026ന് എല്ലാ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# രൂപതാകാര്യാലയം

◆ **Pope's Monthly Intention for September- 2026**

For the care of water

Let us pray for a just and sustainable management of water, a vital resource, so that everyone may have equal access to it.

◆ **Let us Pray for Rev. Fathers :**

**Birth Day : September**

Rev. Fr. Cheriapally Sebastian - 03

Rev. Fr. Pullattu Thomas - 23

**Feast Day : September - 21**

Rev. Fr. Alappatt Mathew

Rev. Fr. Ambatt Mathew

Rev. Fr. Kottarathil Mathew

Rev. Fr. Manappatt Mathew

Rev. Fr. Thazhekattil Mathew

Rev. Fr. Theruvamoola Mathew CMF

Rev. Fr. Vellachalil Mathew

Rev. Fr. Vettamthadathil Mathew

◆ **Transfer & Appointments (w.e.f.-16. 8. 2026) :**

| Names & Surname | Designation | Parish |
| --- | --- | --- |
| 1. Rev. Fr. Vadakkemulanjanal Joseph | Asst. Vicar | Jadkal & Kundapura |

◆ **Other Appointments (w.e.f.-01. 8. 2026) :**

| | | |
| --- | --- | --- |
| 1. Rev. Msgr. Veluthedathparambil Mani | Director | Commission for Laity |

◆ **രൂപതാ ആലോചനാസമിതിയുടെ സമ്മേളനം :**

2026 ഓഗസ്റ്റ് 6-ാം തിയതി രാവിലെ 11.00 മണി മുതൽ രൂപതാ ആലോചനാസമിതിയുടെ സമ്മേളനം അഭി. മാർ ജെയിംസ് പട്ടേരിൽ പിതാവിന്റെ അധ്യക്ഷതയിൽ നടന്നു.

◆ **ജൂണിയർ വൈദികരുടെ സമ്മേളനം :**

രൂപതയിലെ ജൂണിയർ വൈദികരുടെ സമ്മേളനം 2026 ഓഗസ്റ്റ് 12-13 തീയ്യതികളിൽ ജ്ഞാനനിലയത്തിൽ നടന്നു.

◆ **Inter - Commission Meeting :**

2026 ഓഗസ്റ്റ് 12 ന് രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികർ അഭി. മാർ ജെയിംസ് പട്ടേരിൽ പിതാവിന്റെ അധ്യക്ഷതയിൽ ഒരുമിച്ചുകൂടി രൂപതയുടെ അജപാലന കാര്യപരിപാടികൾ വിലയിരുത്തുകയും ഭാവികാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു.

◆ **പ്രാർത്ഥനാംശംസകൾ**

ഓ. സി. ഡി. സന്യാസ സമൂഹത്തിന്റെ തിരുവനന്തപുരം പ്രോവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട പെരിയ ബഹു. നിരവത്ത് ജെയിംസ് ഓ.സി. ഡി. അച്ചനും ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

◆ **Sunday Special Collection :** Bible Sunday - 13th September 2026

**Fr. Lawrence Poonolil**
Chancellor



# വിശ്വാസപരിശീലനരംഗം

"അവിടുന്ന് തൻെറ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെനാമം പരിശുദ്ധമാണ്." ലൂക്ക 1:48,49.

മാതാവിന്റെ ജനനത്തിരുനാൾ
സ്നേഹമുള്ളവരെ,

സെപ്റ്റംബർ മാസം നമുക്ക് ഏറെ സന്തോഷത്തിന്റെയും അനുഗ്രഹത്തിന്റെയും മാസമാണ്. അമ്മയെ അനുകരിച്ചുകൊണ്ട് നല്ല കുട്ടികളായി വളരാൻ ഈ മാസം നമുക്ക് പ്രത്യേകമായി പ രിശ്രമിക്കാം.

അമ്മയുടെ അനുഗ്രഹം നമ്മുടെ ജീവിതത്തിൽ നിറയാൻ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ:

**കുടുംബപ്രാർത്ഥന:** എല്ലാ ദിവസവും വൈകുന്നേരം മാതാപിതാക്ക ളോടും സഹോദരങ്ങളോടുമൊപ്പം ഇരുന്ന് ഒരുമിച്ച് ജപമാല ചൊല്ലാൻ മറക്കരുത്. കുടുംബം ഒന്നായി പ്രാർത്ഥിക്കുമ്പോൾ നമ്മുടെ കുടുംബം സ്വർഗ്ഗത്തിലെ അമ്മയുടെ പ്രത്യേക സംരക്ഷണത്തിലാകും.

**ഞായറാഴ്ച വിശുദ്ധ കുർബാന:** ഞായറാഴ്ചകളിൽ മുടങ്ങാതെ ദേവാലയത്തിൽ പോയി വിശുദ്ധ കുർബാനയിൽ പങ്കെടുക്കുക. ദൈവത്തോടും സഭയോടുള്ള നമ്മുടെ സ്നേഹം പ്രകടിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വഴിയാണിത്.

**സ്നേഹവും അനുസരണവും:**

മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കാനും, കൂട്ടുകാരോട് ക്ഷമയോടെയും സ്നേഹത്തോടെയും പെരുമാറാനും പരിശുദ്ധ അമ്മ നമ്മെ പഠിപ്പിക്കുന്നു.

ഈ സെപ്റ്റംബർ മാസം മുഴുവൻ പരിശുദ്ധ അമ്മയുടെ മാലാഖമാരെപ്പോലെ നമുക്ക് ജീവിക്കാം. അമ്മ നമ്മെ ഓരോരു ത്തരെയും സ്നേഹത്തോടെ കൈപിടിച്ചു നടത്തട്ടെ.

ഈശോ നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**അധ്യാപകർക്ക് ഏകദിന സെമിനാർ**

ഓഗസ്റ്റ് 2 ാം തീയതി മുദൂർ, കൽമക്കി, മദ്ദോഡി എന്നീ ഇടവകകളിലെ അധ്യാപകർക്കു വേണ്ടി മുദൂർ സെന്റ് മേരീസ് ഇടവകയിൽ വച്ച് ഏകദിന സെമിനാർ നടത്തപ്പെട്ടു. 25 അധ്യാപകർ പങ്കെടുത്തു. ബഹുമാനപ്പെട്ട ജോസഫ് ചീരൻ അച്ചനും വർഗീസ് കഴുതാടിയിൽ സാറുമാണ് ക്ലാസുകൾ നയിച്ചത്.

**രൂപതാ മതബോധന സെൻട്രൽ റ്റീം മീറ്റിംഗ്**

ഓഗസ്റ്റ് 16-ാം തിയതി വൈകുന്നേരം 6.00 മണിക്ക് രൂപതാ മതബോധന സെൻട്രൽ റ്റീം അംഗങ്ങൾ ബഹു. ജോസഫ് ചീരൻ അച്ചന്റെ അധ്യക്ഷതയിൽ ഓൺലൈൻ മീറ്റിംഗ് കൂടി. സിസ്റ്റർ പാവന എഫ്സിസി പ്രാർത്ഥന നയിച്ചു. ബഹു. ജോസഫ് ചീരൻ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. അതിനുശേഷം ഈ അധ്യയന വർഷം നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ചു ചർച്ച നടത്തി. സിനു കുമ്പ്ലാനിക്കൽ സാറ് എല്ലാവർക്കും നന്ദി അറിയിച്ചു.

**DIOCESAN CATECHETICAL CENTRAL TEAM- 2026-27**

1. Rev Fr. Joseph Cheeran
2. Sr. Pavana FCC
5. Sr. Elsy Palett MSMI
4. Sr. Ann Francis SD
5. Sr. Elizabeth SH
6. Dr. Bincy Koodapparambil, Manipal
7. Mr. Varghese Kazhuthadiyil
8. Mr. John Kochucherunilam, Belthangady
9. Mr. Sinu Abraham Kumblanickal, Belthangady
10. Mr. Sebastian Konukunnel, Mangalore
11. Mr. Jaise Erikkattu, Mangalore
12. Mr. Rajesh Punnavila, Dharmasthala
13. Mrs. Supriya Poovathinkal, Thottathady
14. Mr. Alwin Kochupurackal, Venur
15. Mr. Jibin Thattamparambil, Kanchal

**ക്ലാസ്സുകളുടെ ആരംഭം ഏകീകൃതരീതിയിൽ**

ബെൽത്തംഗഡി രൂപതയിലെ എല്ലാ വിശ്വാസപരിശീലന സ്കൂളുകളും ഏകീകൃത രീതിയിൽ ആരംഭിക്കുന്നതിനുവേണ്ടി താഴെ നല്കുന്ന നി ർദേശങ്ങൾ പാലിക്കുമല്ലോ.

1. കുട്ടികൾ എല്ലാവരും ഒരുമിച്ച് അസെംബ്ലിയിൽ നില്ക്കുക.
2. അധ്യാപകർ കുട്ടികളുടെ മുമ്പിൽ നിൽക്കുന്നു.
3. ആദ്യം കുട്ടികൾ "വിശ്വാസദായകാ, വിജ്ഞാന സാരമേ ..." എന്ന വിശ്വാസപരിശീലന ഗാനം ആലപിക്കണം. ഗായകസംഘം മുമ്പിൽ നിന്ന് നയിക്കാവുന്നതാണ്.
4. കുട്ടികൾ അവിടെ നില്ക്കെത്തന്നെ അധ്യാപകർ ടീച്ചിങ്ങ് നോട്ടിൽ തന്നിരിക്കുന്ന അധ്യാപകരുടെ പ്രാർത്ഥന ചൊല്ലണം.
5. പൊതുവായി അറിയിക്കാനുള്ള കാര്യങ്ങൾ ഈ സമയത്തു അറി യിക്കാവുന്നതാണ്.
6. അതിനുശേഷം ക്ലാസ്സുകൾ ആരംഭിക്കണം.
7. ക്ലാസ്സിനു ശേഷമാണ് മിഷൻലീഗ്, തിരുബാല സഖ്യ സംഘടനക ളുടെ പ്രാർത്ഥന ചൊല്ലേണ്ടത്. മിഷൻലീഗ് ഗ്രൂപ്പുകളുടെ മീറ്റിങ്ങി നോടുകൂടി അന്നത്തെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുക.
8. കുട്ടികൾ എല്ലാവരും പള്ളിയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു കുരി ശുവരച്ചതിനുശേഷം പിരിയണം.

   എല്ലാ ഇടവകകളിലും ഈ രീതി അനുവർത്തിക്കേണ്ടതാണ്.

**ആദരിക്കുന്നു**

* കഴിഞ്ഞ പന്ത്രണ്ടുവർഷം പൂർണ്ണ ഹാജർ ഉള്ള അധ്യാപകരെ രൂപതാ തലത്തിൽ ആദരിക്കുന്നതാണ്.
* ഈ അധ്യയന വർഷത്തിൽ വിശ്വാസ പരിശീലനത്തിൽ **ബെൽത്തംഗഡി രൂപതയിൽ തന്നെ 15 വർഷവും അതിനു മുകളിലും** സേവനം പൂർത്തിയാക്കുന്ന അധ്യാപകരെ രൂപതാ തലത്തിൽ ആദരിക്കുന്നതാണ്. ഇതിനു മുമ്പ് അവർ രൂപതാത ലത്തിൽ ആദരവു ഏറ്റുവാങ്ങിയിട്ടുണ്ടാകരുത്. അങ്ങനെയുള്ള വരുടെ പേരുവിവരങ്ങൾ തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് പ ാസ്പോർട്ട് സൈസ് ഫോട്ടോയോടൊപ്പം ഒക്ടോബർ 26 നു ള്ളിൽ ഓഫീസിൽ എത്തിക്കണം.

**വിശ്വാസ പരിശീലന മണിക്കൂർ**

വിശ്വാസപരിശീലന മണിക്കൂർ എല്ലാ കുട്ടികളും നടപ്പിലാക്കുന്നു് എന്ന് അധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

**വാർഷിക ധ്യാനം**

ഈ വർഷം അധ്യാപകർക്ക് രൂപതാ തലത്തിൽ ധ്യാനമാണ് നടത്തുന്നത്. അത് ഒക്ടോബർ 10, 11 തിയതികളിലായിരിക്കും. ധ്യാനച്ചിലവിനായി ഒരാൾക്ക് 300 രൂപയാണ് തരേണ്ടത്. പങ്കെടുക്കുന്ന അധ്യാപകരുടെ വിവരങ്ങൾ തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് സെപ്റ്റംബർ 14 നുള്ളിൽ ഓഫീസിൽ എത്തിക്കണം.

**മാസപ്രാർത്ഥന**

അധ്യാപകരുടെ മാസപ്രാർത്ഥന മുടങ്ങാതെ നടത്തണം.

**ഡിജിറ്റൽ ഫാസ്റ്റിംഗ്**

തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെ വൈകുന്നേരം 7 മണി മുതൽ 8 മണി വരെ ഒരു മണിക്കൂർ സമയം ഇലക്ട്രോണിക് ഉപകരണങ്ങൾ മാറ്റിവച്ച് / ഓഫ് ചെയ്ത് കുടുംബാംഗങ്ങൾ ഒരുമിച്ച് പ്രാർത്ഥനയ്ക്കും ഭക്ഷണത്തിനുംവേണ്ടി ചിലവഴിക്കുക. ഇത് കുട്ടികളുടെ ഭവനങ്ങളിൽ നടപ്പാക്കുന്നുണ്ടോ എന്ന് അധ്യാപകർ കൂടെക്കൂടെ അന്വേഷിക്കണം.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഒക്ടോബർ 25 നാണ് ഒന്നാം സെമസ്റ്റർ പരീക്ഷ നടക്കുന്നത്. പരീക്ഷാ സിലബസും ചോദ്യപേപ്പറുകളുടെ മാതൃകയും താഴെ നൽകുന്നു.

## Syllabus

**Lessons:**

Class 1st to 10th – Chapters 1 to 8.

Class 11th & 12th – Chapters 1 to 6.

**GK:** 1. The Catholic Church 2. The Bible.

Prayers & Questions are sent through Whats App.

**Saints:** Saint Francis Xavier - for Class 4th to 12th.

# Question paper pattern

**1st - 3rd STD** - Oral questions in three languages - **40** Marks.

| **4th STD - Total 80 Marks** | | **Qns.** | **Mks.** | **Total** |
|---|---|---|---|---|
| I Fill in the blanks | - | 7 | x 2 | = 14 |
| II Choose the correct answer | - | 7 | x 2 | = 14 |
| III Match the following | - | 5 | x 2 | = 10 |
| IV Short Answer Questions | - | 6 | x 3 | = 18 |
| | | | | **56** |

**Questions for oral examination:**

| | | | | |
|---|---|---|---|---|
| I Saint Francis Xavier | - | 4 | x 2 | = 8 |
| II Prayers & Questions | - | 4 | x 2 | = 8 |
| III G.K. | - | 4 | x 2 | = 8 |
| | | | | **24** |

**5th – 10th STD - Total 80 Marks**

| | | | | |
|---|---|---|---|---|
| I Fill in the blanks | - | 5 | x 2 | = 10 |
| II Choose the correct answer | - | 10 | x 1 | = 10 |
| III Match the following | - | 5 | x 1 | = 05 |
| IV Short Answer Questions | - | 5 | x 3 | =15 |
| V Long Answer Questions | - | 4 | x 4 | = 16 |
| | | | | **56** |

**Questions for oral examination:**

| | | | | |
|---|---|---|---|---|
| I Saint Francis Xavier | - | 4 | x 2 | = 8 |
| II Prayers & Questions | - | 4 | x 2 | = 8 |
| III G.K. | - | 4 | x 2 | = 8 |
| | | | | **24** |

| **11th & 12th STD - Total 80 Marks** | | **Qns** | **Mks** | **Total** |
|---|---|---|---|---|
| I Fill in the blanks | - | 4 | x 1 | = 4 |
| II Choose the correct answer | - | 4 | x 1 | = 4 |
| III Match the following | - | 4 | x 1 | = 4 |
| IV Short Answer Questions | - | 4 | x 5 | = 20 |
| V Long Answer Questions | - | 3 | x 8 | = 24 |
| | | | | **56** |

**Questions for oral examination:**

| | | |
|---|---|---|
| I Saint Francis Xavier | - | 4 x 2 = 8 |
| II Prayer & Questions | - | 4 x 2 = 8 |
| III G.K. | - | 4 x 2 = 8 |
| | | **24** |

**ഫൊറോനാ കൗൺസിൽ:**

എല്ലാ ഫൊറോനകളിലും വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും തിരുബാലസഖ്യത്തിന്റെയും ഒരു സംയുക്ത കൗൺസിൽ രൂപീകരിക്കണം.

KODAGU FORANE CATECHETICAL, CML & HCA COUNCIL FOR THE YEAR 2026-27

(ST. MARY'S FORANE CHURCH, SIDDAPURA, KARADIGODU, KODAGU -571253)

1. Fr. Joseph Valiaparambil, Forane Vicar - Director
2. Anil Kunnath, Sunday School H M, St. Mary's Forane Church, Siddapura
3. Bini V V Pamplany, H M, St. Thomas Church, Gonikoppal
4. Dhanya N T, HM, St. George's Church Banavara
5. Sr. Tessy Manuel SH, H M, St. Sebastian's Church, 7th Hoskote
6. Jessy Chirayil, Heggala, H M, St. Jude Church, Heggala
7. Siji Prestina TB, HM, Infant Jesus Church, Murnad
8. Sr. Divya Maria S H, CML Forane Vice-Director
9. Shobha Maria, Siddapura, Catechetical Forane Secretary
10. Vinu Ernyakulathil, PTA Representative
11. Parish Priest of the Parish where the Program is conducted
12. Nadathu Kaikar of the Parish where the Program is conducted

**- Fr. Joseph Valiaparambil**

ഫൊറോനാ കൗൺസിൽ രൂപീകരിച്ച ഫൊറോനകൾ പേരുവിവരങ്ങൾ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**മിഷൻ ക്വെസ്റ്റ്**

ആഗോളതലത്തിൽ ഗൂഗിൾ ഫോമുവഴി വിവിധ ഭാഷകളിലായി നടത്തപ്പെടുന്ന മിഷൻ ക്വെസ്റ്റ് എന്ന ഓൺലൈൻ ക്വിസ് മത്സരം ആറാം പതിപ്പ് ഈ വർഷം ഡിസംബർ 6 ഞായറാഴ്ച ഇന്ത്യൻ സമയം വൈകുന്നേരം 6.00 മണിക്ക് നടത്തപ്പെടുന്ന കാര്യം നിങ്ങൾ ഏവരെയും അറിയിക്കുന്നു. ആഗോള സീറോ മലബാർ സഭയുടെ ഐക്യവും അതോടൊപ്പം നമ്മുടെ അറിവും വിശ്വാസവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവുമായി നടത്തപ്പെടുന്ന ഈ സംരംഭത്തിൽ നിങ്ങൾ എല്ലാവരും പങ്കുചേരണമെന്ന് സീറോ മലബാർ സിനഡൽ കമ്മീഷൻ ഫോർ മിഷൻ ആൻഡ് കാതെകേസിസ് സെക്രട്ടറിമാരായ ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ, ഫാ. ജോഷി പാണംപറംബിൽ എന്നിവർ അറിയിച്ചിരിക്കുന്നു.

**NB:** മിഷൻ ക്വെസ്റ്റിന്റെ നോട്ടീസും പഠിക്കേണ്ട സിലബസിന്റെ പിഡിഎഫ് ഫയലുകളും വാട്സ്ആപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്തിട്ടുണ്ട്. അതു കാണുക.

## ചെറുപുഷ്പ മിഷൻ ലീഗ്

**സുകൃതവാരം**

ഓഗസ്റ്റ് 9–15 ാം തീയതിവരെ സുകൃതവാരമായി ആചരിച്ചു. മിഷൻലീഗ് അംഗങ്ങൾ ഓരോരുത്തരും ഈ ദിവസങ്ങളിൽ തങ്ങൾക്ക് സാധിക്കുന്നത്രയും സുകൃതജപങ്ങൾ ചൊല്ലി യുദ്ധങ്ങൾ അവസാനിക്കുന്നതിനും ലോകസമാധാനത്തിനുംവേണ്ടി കാഴ്ചവച്ച് പ്രാർത്ഥിച്ചു. എല്ലാ കുട്ടികളും അധ്യാപകരും ഒരുമിച്ചു ചൊല്ലിയ മൊത്തം സുകൃതജപങ്ങൾ = **51,76,149**

സുകൃതജപം ചൊല്ലിയ എല്ലാവർക്കും നന്ദി.

**മിഷൻ ക്വെസ്റ്റ്:** സീറോ മലബാർ സഭ ആഗോളതലത്തിൽ നടത്തുന്ന മിഷൻ ക്വെസ്റ്റ് എന്ന പരിപാടിക്ക് സാധിക്കുന്നത്രയും കുട്ടികളെയും മുതിർന്നവരെയും പങ്കെടുപ്പിക്കണം.

**മിഷൻ ഗ്രാമം:** ഓരോ മിഷൻലീഗ് യൂണിറ്റും തങ്ങൾക്കു ലഭിച്ച മിഷൻ ഗ്രാമവുമായി ബന്ധപ്പെടണം. അവിടുത്തെ വിവരങ്ങൾ ശേഖരിക്കണം. (മിഷൻലീഗ് അംഗങ്ങളുടെ എണ്ണം, അവരുടെ പ്രവർത്തനങ്ങൾ, പ്രാർത്ഥിക്കേണ്ട വിഷയങ്ങൾ, സഹായം ആവശ്യമുണ്ടോ? മുതലായവ) അവർക്കു

വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. സാധിക്കുമെങ്കിൽ സഹായം നല്കുകയോ അവരെ സന്ദർശിക്കുകയോ ചെയ്യാം.

**നിയമാവലി പഠിക്കുക:** മിഷൻ ലീഗ് ഭാരവാഹികൾ നിയമാവലി പഠിക്കുകയും അംഗങ്ങളെ പഠിപ്പിക്കുകയും ചെയ്യണം.

**പഠന വിഷയം:** ഈ പ്രവർത്തനവർഷത്തെ പഠന വിഷയം **"സഭയെ സ്നേഹിക്കാം ലോകത്തിൽ സാക്ഷികളാകാം."** അതിനാൽ കത്തോലിക്ക സഭയെക്കുറിച്ചും സീറോ മലബാർ സഭയെക്കുറിച്ചും നമ്മുടെ രൂപതയെയും ഇടവകയെയും കുറിച്ചും കുട്ടികളെ പഠിപ്പിക്കണം.

**വീഡിയോയും റിപ്പോർട്ടും:** മിഷൻ ലീഗ് തിരുബാലസഖ്യം സംഘടനകളുടെ **പ്രത്യേക പരിപാടികളുടെ വീഡിയോ** ചെയ്തു അയയ്ക്കണം. അങ്ങനെയുള്ള പ്രവർത്തനങ്ങളുടെ ഒരു ഹ്രസ്വറിപ്പോർട്ട് അയച്ചുതരണം. അത് ഉദയ ദീപത്തിൽ ഇടുന്നതാണ്.

**ബൈബിൾ കലോത്സവം**

മത്സര തലങ്ങളും നടത്തേണ്ട തിയതികളും:

1. **ഇടവക തലത്തിൽ – സെപ്റ്റംബർ 15 നുള്ളിൽ** നടത്തി വിജയികളുടെ ലിസ്റ്റ് ഫൊറോനയിലേക്ക് അയക്കേണ്ടതാണ്.
2. **ഫൊറോന തലത്തിൽ – ഒക്ടോബർ 18 നുള്ളിൽ** നടത്തി വിജയികളുടെ ലിസ്റ്റ് രൂപതയിലേക്ക് അയക്കേണ്ടതാണ്.
3. **രൂപതാതലത്തിൽ – നവമ്പർ ഒമ്പതിനായിരിക്കും** മൽസരങ്ങൾ നടത്തപ്പെടുക. മാറ്റമുണ്ടെങ്കിൽ പിന്നീട് അറിയിക്കുന്നതാണ്.

**അനുസ്മരിക്കുന്ന തിരുനാൾ**

കൊൽകത്തയിലെ വിശുദ്ധ മദർ തെരേസ – സെപ്റ്റംബർ 5

**സുകൃതജപം**

പരമപരിശുദ്ധനായ ഈശോയേ, ഒരു വിശുദ്ധനാ (യാ) കാൻ എന്നെ സഹായിക്കണേ.

## തിരുബാലസഖ്യം

### അനുസ്മരിക്കുന്ന തിരുനാൾ

മാതാവിന്റെ ജനനത്തിരുനാൾ – സെപ്റ്റംബർ 8

### സുകൃതജപം

എന്റെ അമ്മേ, എന്റെ ആശ്രയമേ.

# ബൈബിൾ അപ്പസ്തോലേറ്റ്

ബൈബിൾ പകർത്തി എഴുതിയത്

2026–27 വർഷത്തിൽ നിങ്ങൾ പകർത്തി എഴുതിയ വെളിപാടുപുസ്തകത്തിന്റെ കൈയെഴുത്ത് പ്രതി ഒരു ഇടവകയിൽ നിന്നും -ജൂനിയർ, സീനിയർ തരംതിരിച്ച്-ഏറ്റവും മികച്ച രണ്ടെണ്ണംവീതം (ജൂനിയർ - 5 മുതൽ 8 ാം ക്ലാസ്സുവരെ, സീനിയർ - 9 മുതൽ 12 ാം ക്ലാസ്സുവരെ) രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കുക. **നവംബർ 15 നു മുമ്പായി** എത്തിച്ച പ്രതികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

**Rev Fr Joseph Cheeran**
Director
Apostolate of Bible & Catechesis



# Family Apostolate

## 1. Marriage Guidance Course (MGC)

**Date** : October 16, 9:00 AM – October 18, 4:00 PM

**Venue** : Jnananilaya, Pastoral Centre, Belthangady

**Registration Fee** : ₹ 2,000/-

**Participants are requested to bring:**

Toilet articles, Bed sheet, Bible, Notebook and Pen

**Important:**

- Pre-booking is compulsory.
- Please register in advance to confirm your participation

## 2. Bible Writing Competition Result (Written in 2025 December) :

First : Mini John Palaikudy, Gandibagilu

Second : Anitha Scott Nandalath, Gandibagilu

Third : Jasmine Nandalath, Gandibagilu

**Consolation Prizes:**

1) Suni Thomas, Kattipalla
2) Philomina Puthenpurayil, Kuttrapady
3) Suji Chemmattakuzhy, Gandibagilu
4) Ranjitha Raju Thiruthanathill, Thottathady
5) Anusha Johnson Kadayaparambil, Nelliyady
6) Raina Rose Thiruthanathill, Thottathady
7) Albin George Panachickal, Gandibagilu

# മാതൃവേദി

## ഈ വർഷം നടക്കുന്ന മത്സരങ്ങളുടെ പൊതു നിയമങ്ങൾ:

1) വചനമാല (വചനം കാണാതെ പറയുക), വചനം മുത്ത് (വചനം എഴുത്ത്) , ബൈബിൾ സ്റ്റോറി ടെല്ലിങ് എന്നീ മൂന്ന് ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുക.

2) ഒരാൾക്ക് ഒരു ഇനത്തിൽ മാത്രമേ മത്സരിക്കാൻ അവകാശമുള്ളൂ.

3) മത്സരങ്ങൾ ഇടവക തലത്തിൽ സെപ്റ്റംബർ മാസവും ഫൊറോനതലത്തിൽ ഒക്ടോബർ മാസവും രൂപത തലത്തിൽ നവംബർ മാസവും ആണ് നടക്കുക.

4) ഇടവക ഫൊറോന തലങ്ങളിൽ മത്സരങ്ങൾ ഓൺലൈൻ വഴിയോ ഓഫ്ലൈൻ വഴിയോ നടത്താവുന്നതാണ്. രൂപത മത്സരം ഓഫ്ലൈൻ ആയിരിക്കും.

5) ഇടവകയിൽ മത്സരിച്ച് ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്ക് ഫൊറോനതലത്തിൽ പങ്കേടുക്കാവുന്നതാണ്. അവിടെ നിന്ന് ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർ രൂപത മത്സരത്തിന് അർഹരാണ്.

6) വചന മുത്ത്, വചനമാല മത്സരങ്ങളിൽ ഒരധ്യായത്തിലെ തുടർച്ചയായ വാക്യങ്ങൾ എഴുതുവാനോ പറയുവാനോ പാടുള്ളതല്ല.

7) രൂപത മത്സര തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

8) വചനമാല, വചന മുത്ത്, ബൈബിൾ സ്റ്റോറി ടെല്ലിങ് എന്നീ മത്സരങ്ങൾക്ക് റൂത്ത്, എസ്തേർ, വെളിപാട് എന്നീ ബൈബിൾ ഭാഗങ്ങളിൽ നിന്നാണ് മത്സരത്തിന് ഒരുങ്ങേണ്ടത്.

9) വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

10) സമയം അതിക്രമിച്ചു കഴിഞ്ഞാൽ മത്സരത്തിൽ നിന്ന് പുറത്താകുന്നതായിരിക്കും.

11) ഫൊറോന തലത്തിലെ വിജയികളുടെ ലിസ്റ്റ് രൂപതയിലേക്ക് ഒക്ടോബർ 30ന് മുമ്പ് എത്തിക്കേണ്ടതാണ്.

12) കൂടുതൽ സംശയങ്ങൾക്ക് ബന്ധപ്പെടുക: 9008233173 (Director), 9845846334 (President), 7760083979 (Secretary)

## 1. വചന മുത്ത് (വചന എഴുത്ത് ) മത്സരം :

1) വാചകം പൂർണമായിരിക്കണം

2) മലയാളത്തിൽ എഴുതുന്നവർ വചനം POC ബൈബിളിനെ ആസ്പദമാക്കി വേണം എഴുതാൻ. ഇംഗ്ലീഷിൽ എഴുതുന്നവർ RSV, NRSV എന്നീ ബൈബിളുകളെയാണ് ആസ്പദമാക്കേണ്ടത്. കന്നഡ എഴുതുന്നവർ KRCBC പ്രസിദ്ധീകരിച്ചിരിക്കുന്ന പവിത്ര ബൈബിൾ ആസ്പദമാക്കിയാണ് എഴുതേണ്ടത്.

3) ബൈബിളിൽ ഉള്ളതുപോലെ തന്നെ എഴുതണം, ചെറിയ തെറ്റാണെങ്കിലും അത് തെറ്റായി തന്നെ പരിഗണിക്കുന്നതായി രിക്കും, മാർക്ക് ഒന്നും ലഭിക്കുകയില്ല.

4) ഓരോ വാക്യം എഴുതി കഴിയുമ്പോൾ അപ്പോൾ തന്നെ പുസ്തകത്തിന്റെ പേരും അധ്യായവും വാക്യവും എഴുതണം.

5) ഓരോ വചനത്തിനും നമ്പർ എഴുതണം. ഉദാ : 1,2,3,4.....

6) റൂത്ത്, എസ്തേർ, വെളിപാട് എന്നീ പുസ്തകങ്ങളിൽ നിന്നാണ് വചനം എഴുതേണ്ടത്, എഴുതുമ്പോൾ ക്രമത്തിൽ തന്നെ എഴുതണം എന്നില്ല.

7) മത്സര സമയം 10 മിനിറ്റ് ആയിരിക്കും

8) ഏറ്റവും കൂടുതൽ തെറ്റാതെ എഴുതുന്നവർക്കായിരിക്കും സമ്മാനം ലഭിക്കുക.

## 2. ബൈബിൾ സ്റ്റോറി ടെല്ലിങ് :

1) ബൈബിളിൽ ഉള്ളതുപോലെ തന്നെ പറയണം. എന്നുവെച്ചാൽ ബൈബിളിലെ സംഭവത്തെ പരിഷ്കരിക്കുവാൻ (modify) പാടില്ല; അതിന്റെ വിശദീകരണം / വ്യാഖ്യാനം നൽകാവുന്നതാണ്.

2) പറയുന്ന സ്റ്റോറി ഏത് ഭാഗത്തു നിന്നാണെന്ന് പറയണം.

3) ഈ സംഭവത്തിൽ നിന്നും ഉൾക്കൊണ്ട് ഗുണപാഠമോ ജീവിതമൂല്യമോ അവസാനം പറയേണ്ടതാണ്.

4) സമയം 3+1 = 4 മിനിറ്റ്.

### 3. വചനമാല മത്സരം :

1) അധ്യായവും വാക്യങ്ങളും അടക്കം വചനം കാണാതെ പഠിക്കണം.

2) ഒരു അധ്യായത്തിൽ നിന്ന് ഒന്നിൽ കൂടുതൽ വചനങ്ങൾ പറയുന്നുണ്ടെങ്കിൽ തുടർച്ചയായി അതേ അധ്യായത്തിൽ നിന്ന് വചനം പറയാൻ പാടുള്ളതല്ല.

3) സമയദൈർഘ്യം 4+1=5 മിനിറ്റ്.

4) പഠിച്ച വചനങ്ങളുടെ എണ്ണം, സ്ഫുടത, അവതരണ ശൈലിഎന്നിവ കണക്കിലെടുത്തായിരിക്കും വിജയികളെ നിർണയിക്കുക.

5) പറയുന്ന വചനങ്ങൾ എഴുതിയ പകർപ്പ് മത്സരത്തിനു മുൻപ് തന്നെ സംഘാടകരെ ഏൽപ്പിക്കേണ്ടതാണ്.

**Fr Joby Thomas Pullattu**
Director, Family Apostolate



# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ. ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ.

ದಿನಾಂಕ 15.08.2026 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಮಾಸಿಕ ಬೆಂಬಲ ಸಭೆ ಹಾಗೂ 80 ನೇ ಸ್ವಾತಂತ್ರ್ಯ ದಿನಾಚರಣೆ ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಮುಖ್ಯ ಅತಿಥಿಯಾಗಿ ಬೆಳ್ತಂಗಡಿ ಸೈಂಟ್ ಲಾರೆನ್ಸ್ ಕ್ಯಾಥೆದ್ರಲ್ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ. ಫಾ. ಜೋಸ್ ಆಯಾಂಕುಡಿ ಹಾಗೂ ಬೆಳ್ತಂಗಡಿ ಚರ್ಚಿನ ಸೈಂಟ್ ವಿನ್ಸೆಂಟ್ ಡಿ ಪೌಲ್ ಸಂಘಟನೆಯ ಅಧ್ಯಕ್ಷರಾದ ಶ್ರೀ ಜಾಕೋಬ್ ಹಾಗೂ ಮಾನಿನಿ ಮಹಿಳಾ ರಾಜ್ಯ ಒಕ್ಕೂಟದ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಮಂಜುಳಾ ಜಾನ್ ಆಗಮಿಸಿ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭಹಾರೈಸಿದರು. ಬೆಳ್ತಂಗಡಿ ಸೈಂಟ್ ಲಾರೆನ್ಸ್ ಕ್ಯಾಥೆದ್ರಲ್ ಚರ್ಚಿನ ಧರ್ಮಗುರುಗಳು, ಸೈಂಟ್ ವಿನ್ಸೆಂಟ್ ಡಿ ಪೌಲ್ ಸಂಘಟನೆಯ ಪದಾಧಿಕಾರಿಗಳು ಹಾಗೂ ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಸದಸ್ಯೆ ಶ್ರೀಮತಿ ಹರಿಣಾಕ್ಷಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಧನಸಹಾಯ ನೀಡಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಆದರ್ಶ್ ಪಿ. ಎಸ್. ಪ್ರಾಸ್ತಾವಿಕ ನುಡಿಗಳನ್ನಾಡಿದರು. ಒಟ್ಟು 45 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 28.07.2026 ರಂದು ಶಿರ್ಲಾಲು ವಲಯದ ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಸದಸ್ಯರ 5 ಮನೆಗಳಿಗೆ ಬೇಟಿ ನೀಡಿ 10 ಮಂದಿ ಸದಸ್ಯರ ಆರೋಗ್ಯ ಹಾಗೂ ಆರ್ಥಿಕ ಪರಿಸ್ಥಿತಿಯನ್ನು ಪರಿಶೀಲಿಸಲಾಯಿತು.

ಈ ತಿಂಗಳಿನಲ್ಲಿ ಈ ಯೋಜನೆಗೆ ಒಟ್ಟು ರೂ. 25,000/– ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯನ್ನು ಅನುಷ್ಠಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲ ನೀಡಲಾಗುತ್ತಿದೆ.

ದಿನಾಂಕ 10.08.2026 ರಂದು ಬಂಗಾಡಿ ಶಕ್ತಿ ಸ್ವ – ಸಹಾಯ ಸಂಘದ 3 ಮಂದಿ ಸದಸ್ಯರಿಗೆ ರೂ. 1,50,000/– ಕಿರು ಉದ್ದಿಮೆ ಸಾಲ ನೀಡಲಾಯಿತು.

ದಿನಾಂಕ 28.07.2026 ರಂದು ಶಿರ್ಲಾಲು ಅನುದೀಪ ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಯಿತು.

ದಿನಾಂಕ 03.08.2026 ರಂದು ಸ್ಪೂರ್ತಿ ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಯಿತು.

ದಿನಾಂಕ 18.08.2026 ರಂದು ಕಾಂಚಾಲ್ ಪೂಜಾ ಸ್ವ-ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಯಿತು.

ಸಾಲ ಪಡೆದ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 25,98,517/- ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಸ್ವಾವಲಂಬನ್ ಯೋಜನೆ:**

ಆರ್ಥಿಕವಾಗಿ ಹಿಂದುಳಿದ ಹಾಗೂ ಸ್ವ- ಉದ್ಯೋಗ ಮಾಡಲು ಆಸಕ್ತಿ ಇರುವ ಸ್ವ-ಸಹಾಯ ಸಂಘಗಳ ಒಟ್ಟು 22 ಮಂದಿ ಸದಸ್ಯರಿಗೆ ತಲಾ ರೂ. 15,000/-ದಂತೆ ಸಾಲ ಸೌಲಭ್ಯ ನೀಡದ್ದು, ಅದನ್ನು ಸದಸ್ಯರು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 111 ಮಹಿಳಾ ಸ್ವ-ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,179 ಮಂದಿ ಸದಸ್ಯರು ಸ್ವ-ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 4.08.2026 ರಂದು ಗಂಡಿಬಾಗಿಲು ಉದಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಮಹಿಳಾ ಹಕ್ಕುಗಳ ಬಗ್ಗೆ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೋ ತರಬೇತಿ ನೀಡಿದರು.

ದಿನಾಂಕ 4.08.2026 ರಂದು ಗಂಡಿಬಾಗಿಲು ಉದಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ನಿಯಮಾವಳಿಗಳ ಬಗ್ಗೆ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಆದರ್ಶ್ ಪಿ.ಎಸ್. ತರಬೇತಿ ನೀಡಿದರು. ತರಬೇತಿಯಲ್ಲಿ ಒಟ್ಟು 40 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 11.08.2026 ರಂದು ಕಳೆಂಜ ಸರ್ವಶ್ರೀ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಸಮುದಾಯ ಪ್ರೇರಿತ ಅಭಿವೃದ್ಧಿ ವಿಧಾನದ ಬಗ್ಗೆ ಕಾರ್ಯಕರ್ತರಾದ ಶ್ರೀ ಮಾರ್ಕ್ ಡಿ ಸೋಜ ತರಬೇತಿ ನೀಡಿದರು. ಈ ತರಬೇತಿಯಲ್ಲಿ ಒಟ್ಟು 40 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 10.08.2026 ರಂದು ಶಿರಾಡಿ ಅಕ್ಷಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಮಹಾಸಂಘ ಬಲವರ್ಧನ ತರಬೇತಿಯನ್ನು ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ ನೀಡಿದರು. ತರಬೇತಿಯಲ್ಲಿ 23 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 13.08.2026 ರಂದು ಕಳೆಂಜ ಐಶ್ವರ್ಯ ಸಂಘದ ಬೆಳ್ಳಿ ಹಬ್ಬ ಆಚರಣೆ ಆಚರಿಸಲಾಯಿತು. ಯೋಜನೆಯ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ

ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ತದನಂತರ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು ವಂ. ಫಾದರ್ ಆದರ್ಶ್ ಪಿ.ಎಸ್ ಉದ್ಘಾಟಿಸಿ ಮಾತನಾಡಿದರು.

ಕಾಯರ್ತಡ್ಕ ಸೈಂಟ್ ಸೆಬಾಸ್ಟಿಯನ್ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ. ಫಾ. ಜೋಸ್ ಪೂವತ್ತಿಂಗಲ್ ಹಾಗೂ ಸಂಘದ ಸದಸ್ಯರು ಉಪಸ್ಥಿತಿರಿದ್ದರು.

ದಿನಾಂಕ 14.08.2026 ರಂದು ಕುಟ್ರುಪ್ಪಾಡಿ ಜೀವಜ್ಯೋತಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಮಹಿಳಾ ಹಕ್ಕುಗಳ ಬಗ್ಗೆ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ ತರಬೇತಿ ನೀಡಿದರು. ತರಬೇತಿಯಲ್ಲಿ 24 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 19.08.2026 ರಂದು ನೆಲ್ಯಾಡಿ ಅಮೂಲ್ಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಸಂಪನ್ಮೂಲ ಕ್ರೋಡಿಕರಣದ ಬಗ್ಗೆ ಶ್ರೀಮತಿ ಮೇರಿ ವರ್ಗೀಸ್ ತರಬೇತಿ ನೀಡಿದರು. ತರಬೇತಿಯಲ್ಲಿ 25 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 20.08.2026 ರಂದು ಕಡಬ ತಾಲೂಕಿನ ಇಲಾಖೆಗಳಿಗೆ ಒಕ್ಕೂಟದ ಪದಾಧಿಕಾರಿಗಳು, ಮಹಾಸಂಘದ ಸದಸ್ಯರು ಹಾಗೂ ಕಾರ್ಯಕರ್ತರು ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 21.08.2026 ರಂದು ತೋಟತ್ತಾಡಿ ಚೈತನ್ಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಸರಕಾರಿ ಸೌಲಭ್ಯಗಳ ಬಗ್ಗೆ ಕಾರ್ಯಕರ್ತರಾದ ಶ್ರೀ ಜಾನ್ಸನ್‌ರವರು ತರಬೇತಿ ನೀಡಿದರು. ತರಬೇತಿಯಲ್ಲಿ ಒಟ್ಟು 30 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 24.08.2026 ರಂದು ಸ್ನೇಹ ಕಿರಣ್ ಮಹಿಳಾ ಜಿಲ್ಲಾ ಒಕ್ಕೂಟ ಹಾಗೂ ಸ್ನೇಹಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ (ರಿ.) ಬೆಳ್ತಂಗಡಿ ಹಾಗೂ ಅರುಣೋದಯ ಮಹಾಸಂಘದ ಆಯ್ದ ಪದಾಧಿಕಾರಿಗಳಿಗೆ ಉತ್ತಮ ಆಡಳಿತದಲ್ಲಿ ನಾಯಕತ್ವದ ಬಗ್ಗೆ ತಾಲೂಕು ಪಂಚಾಯತ್ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸುಧಾಮಣಿರವರು ಸಂಪನ್ಮೂಲ ವ್ಯಕಿಯಾಗಿ ಆಗಮಿಸಿ ನಾಯಕತ್ವದ ಗುಣಲಕ್ಷಣಗಳ ಮಹತ್ವದ ಕುರಿತು ಸದಸ್ಯರಿಗೆ ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 32 ಮಂದಿ ಉಪಸ್ಥಿತರಿದ್ದರು,

ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:

ದಿನಾಂಕ 2.8.2026 ರಂದು ಮದ್ದೋಡಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ಹಾಗೂ ಆರೋಗ್ಯಕರ ಆಹಾರ ಕ್ರಮದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಮುತ್ತು ಮೊಗವೀರರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 11 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 9.8.2026 ರಂದು ಕಲ್ಮಕ್ಕಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸರೋಜರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 11 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 16.8.2026 ರಂದು ಕಲ್ಮಕ್ಕಿಯಲ್ಲಿ ಅತಿಯಾದ ಪ್ಲಾಸ್ಟಿಕ್ ಬಳಕೆಯ ದುಷ್ಪರಿಣಾಮಗಳ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸರೋಜರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 10 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಲಾಗಿದ್ದು, ಇದುವರೆಗೆ ಒಟ್ಟು 291 ಮಂದಿ ಆರ್ಥಿಕ ನೆರವು ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು ರೂ..38,600/ ಧನ ಸಹಾಯ ಲಭಿಸಿರುತ್ತದೆ. 2025 ನವಂಬರ್ ತಿಂಗಳಿನಿಂದ ಇದುವರೆಗೆ ಈ ಯೋಜನೆಗೆ ರೂ. 3,83,238 /– ಸಂಗ್ರಹವಾಗಿದೆ.

**ಇತರ ಕಾರ್ಯಕ್ರಮಗಳು:**

ಜುಲೈ ತಿಂಗಳ ದಿನಾಂಕ 26 ಹಾಗೂ 27 ರಂದು ಕಾಂಜಿರಪಳ್ಳಿ ಧರ್ಮಪ್ರಾಂತ್ಯದ ಮಲೆನಾಡು ಡೆವಲಪ್‌ಮೆಂಟ್ ಸೊಸೈಟಿ ಸಂಸ್ಥೆಗೆ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು ಬೇಟಿ ನೀಡಿ ಅಲ್ಲಿನ ಕಾರ್ಯ ಯೋಜನೆಗಳನ್ನು ವೀಕ್ಷಿಸಿ ಸಂವಾದ ನಡೆಸಿದರು.

